**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **22-02-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.വി.അൻവർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കാർഡുകളെല്ലാം എ.ടി.എം. കാർഡ് മാതൃകയിലുള്ള സ്മാർട് കാർഡുകളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ടുണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 02.11.2021 മുതൽ റേഷൻ കാർഡുകൾ ATM Card വലിപ്പത്തിലുള്ള PVC Card ആക്കി മാറ്റുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ആയതുപ്രകാരം, അക്ഷയ കേന്ദ്രം മുഖേനയോ, സിറ്റിസൺ ലോഗിൻ മുഖേനയോ download ചെയ്യപ്പെടുന്ന PDF Document ഉപയോഗിച്ച് പ്രിന്റ് ചെയ്യാവുന്ന PVC Ration Card ATM Card-ന്റെ വലിപ്പത്തിലുള്ളതും പോക്കറ്റിലോ പേഴ്സിലോ സൗകര്യപ്രദമായി സൂക്ഷിക്കാവുന്നതും, Plastic / PVC material ആയതിനാൽ കാർഡ് നശിച്ചുപോകാതെ ദീർഘകാലം ഉപയോഗിക്കുന്നതിന് സാധിക്കുന്നതുമാണ്. ഇ-പോസ് മെഷീനിൽ ഉള്ള barcode scanner മുഖേന PVC റേഷൻ കാർഡിലെ barcode scan ചെയ്ത് ഉപയോഗിക്കാവുന്നതാണ്. PVC Ration Card ആവശ്യമുള്ളവർക്ക് download ചെയ്ത് ഉപയോഗിക്കാവുന്നതാണ്. PVC Ration Card വരുന്നതുകൊണ്ട് നിലവിലുള്ള പുസ്തക രൂപത്തിലുള്ള റേഷൻ കാർഡ്, ലാമിനേറ്റ് ചെയ്തിട്ടുള്ള E-Ration Card എന്നിവയുടെ സാധുതയോ ഉപയോഗമോ ഇല്ലാതാകുന്നില്ല. ഇതിന് പുറമെ, ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച ATM Card വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച കാർഡ് നിലവിൽ വരുന്നതോടെ റേഷൻ കടകളിൽ നിന്നും ബാങ്കിംഗ് ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. ഗുണഭോക്താക്കൾക്ക് എവിടെ നിന്നും റേഷൻ (Portability) വാങ്ങാനുള്ള സൗകര്യം, One Nation One Ration Card (ONORC) എന്ന തത്വം ആവിഷ്കരിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ എ.റ്റി.എം കാർഡിന്റെ വലിപ്പമുള്ള കാർഡ് കൊണ്ട് നടക്കുന്നതിനുള്ള സൗകര്യമൊരുക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ റേഷൻ വിതരണ സംവിധാനം സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമാണെന്നുറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | 2013ലെ ദേശീയ ഭക്ഷ്യഭദ്രതാനിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ തന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തും പത്തനംതിട്ട ജില്ലയിലും ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണവകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആധാർ അധിഷ്ഠിത പൊതുവിതരണ സംവിധാനം 100% സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | 2 കിലോ മീറ്റർ ചുറ്റളവിൽ പൗര കേന്ദ്രീകൃത സേവനങ്ങൾ ലഭ്യമാകാത്ത സ്ഥലങ്ങളിലെ 1000 റേഷൻ കടകൾ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുകയും ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ടി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനും, ബാങ്കിംഗ് സേവനങ്ങൾ ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ട് നിരീക്ഷിച്ച് ഇടപെടാൻ വകുപ്പ മന്ത്രിയുടെ ഓഫീസിൽ മോണിറ്ററിംഗ് സെൽ ആരംഭിച്ചിട്ടുണ്ടോ; | (സി) | പൊതുജനങ്ങൾക്ക് നേരിട്ട് ഫോൺ മുഖേന ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിക്ക് പരാതി നൽകുന്നതിനും പരിഹാരം ലഭിക്കുന്നതിനുമായി മാസത്തിലെ ആദ്യ വെള്ളിയാഴ്ച ഫോൺ-ഇൻ-പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നു. കൂടാതെ മന്ത്രി ഓഫീസിൽ നേരിട്ടും തപാൽ മുഖേനയും ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മന്ത്രിയുടെ ഓഫീസിൽ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | റേഷൻ കടകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള വിജിലൻസ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനരീതിയും അറിയിക്കാമോ; അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യ ഭദ്രത ചട്ടം, 2018 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17-08-18 ൽ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തല വിജിലൻസ് സമിതി, എല്ലാ ജില്ലയിലെയും ജില്ലാ തല വിജിലൻസ് സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തല വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരാറുണ്ട്. എല്ലാ ജില്ലയിലെയും താലൂക്ക് തല വിജിലൻസ് സമിതികൾ, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് അടിയന്തരമായി യോഗം ചേരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. വിജിലൻസ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനരീതിയും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 അനുശാസിക്കും പ്രകാരം സംസ്ഥാനത്ത് റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ)നം.417/2018/ഭ.പൊ.വി.വ — തിരുവനന്തപുരം, തീയതി, 17.08.2018

================================================================

പരാമർശം :- 1) 16.05.2018 ലെ സ.ഉ(അച്ചടി )നം.5/2018/ഭ.പൊ.വി.വ

2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 05.07.2018 ലെ ഡി1-14100/18 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ ചട്ടം 47 പ്രകാരം സംസ്ഥാനത്ത് റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവുമായി മാറ്റുന്നതിലേക്കായി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 47 അനുശാസിക്കും പ്രകാരം പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ് അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ/വൈസ് ചെയർമാൻ അദ്ധ്യക്ഷനായി താഴെ പറയുന്ന ഘടനയിൽ റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1) പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ് അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ/വൈസ് ചെയർമാൻ - ചെയർമാൻ
2) റേഷനിംഗ് ഇൻസ്പെക്ടർ - കൺവീനർ
3) റേഷൻകട സ്ഥിതി ചെയ്യുന്ന വാർഡിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അംഗം അല്ലെങ്കിൽ കോർപ്പറേഷൻ കൗൺസിലർ - അംഗം

4) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപ്പാർട്ടികളിൽ നിന്നും ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗം - അംഗങ്ങൾ

5) പ്രദേശത്തെ ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന നാലു റേഷൻകാർഡുടമകൾ, ആയതിൽ പട്ടികജാതി/പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതാ പ്രാതിനിധ്യമുണ്ടായിരിക്കണം. - അംഗങ്ങൾ

6) വില്ലേജ് ഓഫീസർ - അംഗം

7) വാർഡിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - അംഗം

8) സംയോജിത ശിശു വികസന പദ്ധതി സൂപ്പർവൈസർ - അംഗം

9) ഭക്ഷ്യസുരക്ഷ മേഖലയിൽ സജീവപ്രവർത്തകരായവരിൽ നിന്ന് ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന ഒരു സാമൂഹ്യപ്രവർത്തകൻ/പ്രവർത്തക - അംഗം

10) സ്വതന്ത്ര ഉപഭോക്തൃ സംഘടനയിൽ നിന്നും ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം

3) കമ്മിറ്റിയുടെ പ്രവർത്തനം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടത്തിൽ അനുശാസിക്കും പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതാ പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതാണ്.
2. കമ്മിറ്റി കൺവീനർ മൂന്നു മാസത്തിലൊരിക്കൽ കമ്മിറ്റി യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതാണ്.
3. പത്തുദിവസം മുൻകൂറായി യോഗ നോട്ടീസ് നൽകേണ്ടതാണ്.
4. യോഗത്തിനാവശ്യമായ മിനിമം ക്വാറം അഞ്ച് ആയിരിക്കും.
5. കമ്മിറ്റി ചെയർമാൻ യോഗ അദ്ധ്യക്ഷനാകേണ്ടതും ചെയർമാന്റെ അഭാവത്തിൽ, സന്നിഹിതരായ മറ്റംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർ യോഗത്തിന് ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.
6. റേഷൻകടതല വിജിലൻസ് കമ്മിറ്റിയ്ക്കാവശ്യമായ ഭരണപരമായ സഹായങ്ങൾ താലൂക്ക് സപ്ലൈ ഓഫീസ് നൽകേണ്ടതാണ്.
7. സ്റ്റോക്കും അനുബന്ധ രേഖകളും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളും കമ്മിറ്റി വിശദമായി പരിശോധിച്ച് കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പു വരുത്തേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണോ പ്രവർത്തനപുരോഗതിയെന്ന് വിലയിരുത്തി ഗ്രാമസഭയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
8. ക്വാറം പൂർത്തിയായിട്ടുണ്ടെങ്കിൽ കമ്മിറ്റിയുടെ യാതൊരു നടപടിക്രമങ്ങളും അസാധുവാകുന്നതല്ല.

4) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാനം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018 എന്നിവയിലെ നിബന്ധനകൾക്ക് അനുസൃതമായിരിക്കും.

5) കമ്മിറ്റി അംഗങ്ങളിൽ ഗ്രാമസഭയുടെ നാമനിർദ്ദേശപ്രകാരം ഉൾപ്പെടുത്തേണ്ടവരുടെ പേരുവിവരങ്ങൾ സംബന്ധിച്ച് പിന്നീട് ഉത്തരവുണ്ടാകുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്**
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
കമ്മിറ്റി അംഗങ്ങൾ - (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി/ ഓഫീസ് സെക്ഷൻ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 അനുശാസിക്കും പ്രകാരം സംസ്ഥാനത്ത് താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ)നം.418/2018/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 17.08.2018

===================================================================

പരാമർശം :- 1) 16.05.2018 ലെ സ.ഉ(അച്ചടി)നം.5/2018/ഭ.പൊ.വി.വ
2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 05.07.2018 ലെ ഡി1-14100/18 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ 46-ാം ചട്ടം പ്രകാരം സംസ്ഥാനത്ത് താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവുമായി മാറ്റുന്നതിലേക്കായി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ 46-ാം ചട്ടം അനുശാസിക്കും പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി താഴെ പറയുന്ന ഘടനയിൽ താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1) | റവന്യൂ ഡിവിഷണൽ ഓഫീസർ | - ചെയർമാൻ |
| 2) | നിയമസഭാംഗങ്ങൾ അല്ലെങ്കിൽ താലൂക്കിലെ നിയമസഭാമണ്ഡലങ്ങളിലെ അംഗീകൃത പ്രതിനിധികൾ | - അംഗങ്ങൾ |
| 3) | താലൂക്കിലെ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | - അംഗങ്ങൾ |
| 4) | ജില്ലാ വിദ്യാഭ്യാസ ഓഫീസർ/അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ | - അംഗം |
| 5) | ശിശു വികസന പദ്ധതി പ്രോജക്ട് ഓഫീസർ | - അംഗം |
| 6) | ലീഗൽ മെട്രോളജിയുടെ താലൂക്ക്തല ഓഫീസർ | - അംഗം |
| 7) | ഫുഡ് ഇൻസ്പെക്ടർ | - അംഗം |

8) സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപ്പാർട്ടികളിൽ നിന്നുള്ള ഓരോ അംഗം, അഥവാ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയിൽ നിന്നുള്ള അംഗങ്ങൾ പ്രസ്തുത താലൂക്ക് ഇല്ലെങ്കിൽ ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന അംഗം - അംഗം

9) ഭക്ഷ്യസുരക്ഷ/ഉപഭോക്തൃ സംരക്ഷണ മേഖലയിൽ സജീവപ്രവർത്തകരായവരിൽ നിന്ന് ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ, ഒരാൾ വനിതയായിരിക്കണം. - അംഗങ്ങൾ

10) താലൂക്ക് സപ്ലൈ ഓഫീസർ - കൺവീനർ

3) കമ്മിറ്റിയുടെ പ്രവർത്തനം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടത്തിൽ അനുശാസിക്കും പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതാണ്.
2. താലൂക്ക് സപ്ലൈ ഓഫീസർ മൂന്നു മാസത്തിലൊരിക്കൽ കമ്മിറ്റി യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതാണ്.
3. പത്തുദിവസം മുൻകൂറായി യോഗ നോട്ടീസ് നൽകേണ്ടതാണ്.
4. യോഗത്തിനാവശ്യമായ മിനിമം ക്വാറം അഞ്ച് ആയിരിക്കും.
5. കമ്മിറ്റി ചെയർമാൻ യോഗ അദ്ധ്യക്ഷനാകേണ്ടതും ചെയർമാന്റെ അഭാവത്തിൽ, സന്നിഹിതരായ മറ്റംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർ യോഗത്തിന് അദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.
6. താലൂക്ക്തല വിജിലൻസ് കമ്മിറ്റിയ്ക്കാവശ്യമായ ഭരണപരമായ സഹായങ്ങൾ താലൂക്ക് സപ്ലൈ ഓഫീസ് നൽകേണ്ടതാണ്.

4) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാനം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018 എന്നിവയിലെ നിബന്ധനകൾക്ക് അനുസൃതമായിരിക്കും.

5) കമ്മിറ്റി അംഗങ്ങളിൽ ജില്ലാകളക്ടറുടെ നാമനിർദ്ദേശപ്രകാരം ഉൾപ്പെടുത്തേണ്ടവരുടെ പേരുവിവരങ്ങൾ സംബന്ധിച്ച് പിന്നീട് ഉത്തരവുണ്ടാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി ഐ.എ.എസ്
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
കമ്മിറ്റി അംഗങ്ങൾ - (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഓഫീസ് സെക്ഷൻ

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 അനുശാസിക്കും പ്രകാരം സംസ്ഥാനത്ത് ജില്ലാതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.419/2018/ഭ.പൊ.വി.വ — തിരുവനന്തപുരം, തീയതി 17.08.2018

===

പരാമർശം :- 1) 16.05.2018 ലെ സ.ഉ(അച്ചടി) നം.5/2018/ഭ.പൊ.വി,വ
2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 05.07.2018 ലെ ഡി1-14100/18 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ 45-ാം ചട്ടം പ്രകാരം ജില്ലാതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവുമായി മാറ്റുന്നതിലേക്കായി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018 ന്റെ 45-ാം ചട്ടം അനുശാസിക്കും പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി താഴെ പറയുന്ന ഘടനയിൽ ജില്ലാതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1) | ജില്ലാ കളക്ടർ | - ചെയർമാൻ |
| 2) | ജില്ലാ സപ്ലൈ ഓഫീസർ | - കൺവീനർ |
| 3) | ജില്ലയെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ | - അംഗങ്ങൾ |
| 4) | ജില്ലയിൽ നിന്നുള്ള നിയമസഭാ സാമാജികർ | - അംഗങ്ങൾ |
| 5) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - അംഗം |
| 6) | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | - അംഗം |
| 7) | സംയോജിത ശിശു വികസന പദ്ധതിയുടെ ജില്ലാ പ്രോഗ്രാം ഓഫീസർ | - അംഗം |

8) ജില്ലാതല പരാതി പരിഹാര ഓഫീസർ - അംഗം

9) ജില്ലാ മാനേജർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ - അംഗം

10) പോലീസ്/അളവു തൂക്ക/മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള ജില്ലാതല ഓഫീസറും ജില്ലയിലുള്ള എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാരും - അംഗങ്ങൾ

11) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ജില്ലാതല ഹെഡ്ക്വാർട്ടേഴ്സിലെ അസിസ്റ്റന്റ് മാനേജർ - അംഗം

12) ജില്ലയിലെ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും - അംഗങ്ങൾ

13) ജില്ലയിൽ നിന്നും സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപ്പാർട്ടികളിൽ നിന്നുള്ള ഓരോ അംഗം, അഥവാ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയിൽ നിന്നുള്ള അംഗങ്ങൾ ഇല്ലെങ്കിൽ ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ - അംഗങ്ങൾ

14) കോർപ്പറേഷനിൽ നിന്നും മുനിസിപ്പാലിറ്റിയിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗം - അംഗങ്ങൾ

15) ഭക്ഷ്യസുരക്ഷ/ഉപഭോക്തൃ സംരക്ഷണ മേഖലയിൽ സജീവപ്രവർത്തകരായവരിൽ നിന്ന് ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ, ഒരാൾ വനിതയായിരിക്കണം. - അംഗങ്ങൾ

3) കമ്മിറ്റിയുടെ പ്രവർത്തനം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടത്തിൽ അനുശാസിക്കും പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതാ പ്രാതിനിധ്യം ഉറപ്പ വരുത്തേണ്ടതാണ്.
2. കമ്മിറ്റി കൺവീനർ മൂന്നു മാസത്തിലൊരിക്കൽ യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതാണ്
3. യോഗത്തിനാവശ്യമായ മിനിമം ക്വാറം പത്ത് ആയിരിക്കും.
4. പത്തുദിവസം മുൻകൂറായി യോഗ നോട്ടീസ് നൽകേണ്ടതാണ്.
5. കമ്മിറ്റി ചെയർമാൻ യോഗ അദ്ധ്യക്ഷനാകേണ്ടതും ചെയർമാന്റെ അഭാവത്തിൽ, സന്നിഹിതരായ മറ്റംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർ യോഗത്തിന് ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.
6. ജില്ലാതല വിജിലൻസ് കമ്മിറ്റിയ്ക്കാവശ്യമായ ഭരണപരമായ സഹായങ്ങൾ ജില്ലാ സപ്ലൈ ഓഫീസ് നൽകേണ്ടതാണ്

4) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാനം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

5) കമ്മിറ്റി അംഗങ്ങളിൽ ജില്ലാ കളക്ടറുടെ നാമനിർദ്ദേശപ്രകാരം ഉൾപ്പെടുത്തേണ്ടവരുടെ പേരുവിവരങ്ങൾ സംബന്ധിച്ച് പിന്നീട് ഉത്തരവാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി ഐ.എ.എസ്
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും - (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന)
കമ്മിറ്റി അംഗങ്ങൾ - (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 അനുശാസിക്കും പ്രകാരം സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ)നം.420/2018/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 17.08.2018

===================================================================

പരാമർശം :- 1) 16.05.2018 ലെ സ.ഉ.(അച്ചടി)നം.5/2018/ഭ.പൊ.വി.വ

2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 05.07.2018 ലെ ഡി1-14100/18 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ 44-ാം ചട്ട പ്രകാരം സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവുമായി മാറ്റുന്നതിലേക്കായി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ 44-ാം ചട്ടം അനുശാസിക്കും പ്രകാരം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ചെയർമാനായി താഴെ പറയുന്ന ഘടനയിൽ സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1) | ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി | - ചെയർമാൻ |
| 2) | സാമൂഹ്യനീതി വകുപ്പ് മന്ത്രി | - അംഗം |
| 3) | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | - അംഗം |
| 4) | ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി | - കൺവീനർ |
| 5) | സർക്കാർ നിർദ്ദേശ പ്രകാരമുള്ള അഞ്ച് സംസ്ഥാനതല പാർലമെന്റംഗങ്ങൾ | - അംഗങ്ങൾ |
| 6) | സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള ഓരോ രാഷ്ട്രീയപ്പാർട്ടിയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗം | - അംഗം |
| 7) | പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി | - അംഗം |
| 8) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി | - അംഗം |
| 9) | സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി | - അംഗം |
| 10) | സിവിൽ സപ്ലൈസ് കമ്മീഷണർ | - അംഗം |
| 11) | സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ചെയർപേഴ്സൺ | - അംഗം |
| 12) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാരക്കമ്മീഷൻ പ്രസിഡന്റ് | - അംഗം |

13) സിവിൽ സപ്ലൈസ് ഡയറക്ടർ - അംഗം
14) പൊതുവിദ്യാഭ്യാസ ഡയറക്ടർ - അംഗം
15) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ - അംഗം
16) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ - അംഗം
17) ജനറൽ മാനേജർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ - അംഗം
18) ഭക്ഷ്യസുരക്ഷ/ഉപഭോക്തൃ സംരക്ഷണ മേഖലയിൽ സജീവപ്രവർത്തകരായവരിൽ നിന്നും സർക്കാർ നാമനിർദ്ദേശപ്രകാരമുള്ള മൂന്നു പേർ, ഒരാൾ വനിതയായിരിക്കണം. - അംഗങ്ങൾ

3) കമ്മിറ്റിയുടെ പ്രവർത്തനം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടത്തിൽ അനുശാസിക്കും പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതാ പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതാണ്.
2. കമ്മിറ്റി കൺവീനർ മൂന്നു മാസത്തിലൊരിക്കൽ യോഗങ്ങൾ വിളിച്ച് ചേർക്കേണ്ടതും ആയതിലേക്കാവശ്യമായ ഭരണപരമായ സഹായങ്ങൾ ഭക്ഷ്യപൊതുവിതരണ വകുപ്പ് നൽകേണ്ടതുമാണ്.
3. പത്തുദിവസം മുൻകൂറായി യോഗ നോട്ടീസ് നൽകേണ്ടതാണ്.
4. യോഗത്തിനാവശ്യമായ മിനിമം ക്വാറം ഒൻപത് ആയിരിക്കും.
5. ചെയർമാൻ യോഗ അദ്ധ്യക്ഷനാകേണ്ടതും ചെയർമാന്റെ അഭാവത്തിൽ, സന്നിഹിതരായ മറ്റംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർ യോഗത്തിന് ആധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

4) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാനം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

5) കമ്മിറ്റി അംഗങ്ങളിൽ സർക്കാർ നാമനിർദ്ദേശപ്രകാരം ഉൾപ്പെടുത്തേണ്ടവരുടെ പേരുവിവരങ്ങൾ സംബന്ധിച്ച് പിന്നീട് ഉത്തരവാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി ഐ.എ.എസ്
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
കമ്മിറ്റി അംഗങ്ങൾ - (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ